പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1334 30.09.2011- ലെ മറുപടിക്ക്

## പ്രവാസി ക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികൾക്കായി സർക്കാർ എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് വിദ്യാഭ്യാസാനുകൂല്യം, അംഗങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ, 55 വയസ്സ് കഴിഞ്ഞവരുടെ പ്രത്യേക സഹായ പദ്ധതി എന്നിവ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. വിദേശത്തുള്ള പ്രവാസി കേരളീയർക്കായി നോർക്ക - റൂട്ട്സിൽ പ്രവാസി തിരിച്ചറിയൽ കാർഡ് പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയിലെ ഇൻഷ്വറൻസ് ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിദേശ ജയിലുകളിൽ കഴിയുന്ന കേരളീയരെ സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (ബി) കേരളത്തിൽ തിരികെ വന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്? | (ബി) നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സ് വഴി നടപ്പാക്കുന്ന ക്ഷേമ സമാശ്വാസ പദ്ധതികൾ താഴെപ്പറയുന്നവയാണ് |

## 1. സാന്ത്വന

ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 10,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്. ഇതു ലഭിക്കുന്നതിനായി പ്രവാസി നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം.

## 2. കാരുണ്യം

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന

മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്തോ മറ്റു നാട്ടുകളിലോ നിയമാനുസൃതം ജോലി ചെയ്തിരുന്ന പ്രവാസി കേരളീയരുടെ മൃതദേഹം ശരീരം കൊണ്ടു വരുന്നതിനാണ് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നത്.

### 3. ചെയർമാൻ ഫണ്ട്

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ നാട്ടിൽ വന്ന് സ്ഥിര താമസമാക്കിയവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ